# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3039
### 18.10.2016 ലെ മറുപടിയ്ക്ക്

**ഇ-ട്രഷറി സംവിധാനം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി.കെ. ബഷീർ | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാനത്തെ മുഴുവൻ ട്രഷറികളെയും ബന്ധിപ്പിച്ച് ഇ-ട്രഷറി സംവിധാനം നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | 30.7.2014 ലെ സ.ഉ.(പി) നം.310/2014/ധന ഉത്തരവ് പ്രകാരം 1.8.2014 മുതൽ ഇ-ട്രഷറി സംവിധാനം സംസ്ഥാനത്തു നിലവിൽ വന്നു. സർക്കാരിലേക്കുള്ള പണം ഒടുക്കലുകൾ ട്രഷറി സന്ദർശിക്കാതെ ഓൺലൈനായി നിർവഹിക്കുന്നതിന് ഇ-ട്രഷറിയിലൂടെ സാദ്ധ്യമാകുന്നു. നെറ്റ് ബാങ്കിങ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ഈ സേവനം ഉപയോഗിക്കാവുന്നതാണ്. ഇ-ട്രഷറി സേവനം ലഭിക്കുന്നതിനായി സ്വീകരിക്കേണ്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കൾക്ക് ഈ സൗകര്യം ലഭ്യമാക്കുന്നതിനായി ഏജൻസി ബാങ്കുകളായ എസ്.ബി.റ്റി, എസ്.ബി.ഐ, കാനറ ബാങ്ക് എന്നിവയ്ക്ക് പുറമേ 11 ബാങ്കുകളെക്കൂടി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. മോട്ടോർ വാഹനവകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിക്കുന്ന പണം ഓൺലൈനായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിന് ഇ-ട്രഷറി വഴി സാധിക്കുന്നു. റിസർവ്വ് ബാങ്കിന്റെ e-kuber portal വഴിയാണ് ഇത് സാദ്ധ്യമാകുന്നത്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും ആധുനികവത്കരിക്കുക, സർക്കാരിലേക്കുള്ള എല്ലാ |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | |
| (സി) | പ്രസ്തുത സംവിധാനം പൂർത്തിയാക്കുന്നതോടുകൂടി ട്രഷറികളുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന പുരോഗതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | |

| | | |
|---|---|---|
| | | വരവുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുക എന്നതാണ് ഇ-ട്രഷറിയിലൂടെ ലക്ഷ്യമിടുന്നത്. ട്രഷറിയിലെ പണമിടപാടുകൾ ഓൺലൈനായി നിർവ്വഹിക്കുന്നതുവഴി ഓൺലൈൻ അക്കൗണ്ടിംഗ് സംവിധാനവും ഇ-ട്രഷറി വഴി സാദ്ധ്യമാകുന്നു.<br><br>കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1042.28 കോടി രൂപ ഇ-ട്രഷറി വഴി സർക്കാർ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ട്രഷറി, രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾസ്, എക്സൈസ്, റവന്യൂ, പോലീസ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ, വനം ഉൾപ്പെടെ 19 വകുപ്പുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചാണ് വരവുകൾ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ